**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4742** **29-10-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ നടത്തിയ അഗ്രിഫെസ്റ്റിന് ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | 2011-16-ലെ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നടത്തിയ അഗ്രിഫെസ്റ്റിന് യുവജനക്ഷേമ വകുപ്പ് ചെലവഴിച്ച തുകയുടെ ധനവിനിയോഗബില്ലുകൾ മുഴുവൻ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2011-16 ലെ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അഗ്രിഫെസ്റ്റിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ട്രൈബൽ ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് 06.11.2014 ൽ കൂടിയ 9-ാമത് ഡയറക്ടർ ബോർഡ് 20 ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറിന് അനുവദിക്കുകയുണ്ടായി. ഇതിൽ 10 ലക്ഷം രൂപ നാഷണൽ അഗ്രി ഫെസ്റ്റ് വർക്കിംഗ് ചെയർമാനും, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ.എം.ജി.ബിജുവിന് അനുവദിക്കുകയും ബാക്കി 10 ലക്ഷം രൂപയിൽ 9,81,654/- രൂപ പരിപാടിയ്ക്കായി ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ നേരിട്ട് ചെലവഴിക്കുകയും ശേഷിച്ച തുകയായ 18,346/- രൂപ തിരികെ നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതാണ്. വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ചെലവഴിച്ച മേൽ തുകയുടെ കണക്കുകൾ, ധനവിനിയോഗ ബില്ലുകൾ എന്നിവ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. നാഷണൽ അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാന് നൽകിയ 10 ലക്ഷം രൂപയ്ക്ക് കൈപ്പറ്റ് രശീത്, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഒഴികെ ഇതു സംബന്ധിച്ച ബില്ലുകൾ, വൗച്ചറുകൾ എന്നിവ ബോർഡിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) | എത്ര ലക്ഷം രൂപയാണ് പ്രസ്തുത പരിപാടിക്കായി യുവജനക്ഷേമ വകുപ്പ് ചെലവഴിച്ചത്; | (ബി) | യുവജനക്ഷേമ ബോർഡ് പ്രസ്തുത പരിപാടിയ്ക്കായി 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ 9,81,654/- രൂപ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ നേരിട്ട് ചെലവഴിച്ചിട്ടുണ്ട്. ബാക്കി 10 ലക്ഷം രൂപ നാഷണൽ അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാനും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ശ്രീ.എം.ജി ബിജുവിന് കൈമാറുകയാണുണ്ടായത്. |

| | | | |
|---|---|---|---|
| (സി) | ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള വകുപ്പുതല അന്വേഷണം നടന്നിരുന്നോ; | (സി) | ഇതു സംബന്ധിച്ച് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ അന്വേഷണത്തിൽ വകുപ്പിന് ബോധ്യപ്പെട്ട കാര്യങ്ങൾ അറിയിക്കാമോ? | (ഡി) | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പരിഗണിച്ച് സർക്കാർ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഉദ്യോഗസ്ഥരും പ്രിൻസിപ്പൽ കൃഷി ഓഫീസറുമായി ചേർന്ന് നടത്തിയ ആഡിറ്റിൽ വർക്കിംഗ് ചെയർമാൻ ശ്രീ.എം.ജി ബിജു കൈപ്പറ്റിയ തുകയിൽ നിന്നും നടത്തിയ പലവിധ ചെലവുകൾക്കും ബില്ലുകളും വൗച്ചറുകളും സമർപ്പിച്ചിട്ടില്ലെന്നും, ക്വട്ടേഷൻ മുതലായവ ക്ഷണിച്ചതായി കാണുന്നില്ലെന്നും നാഷണൽ അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാനും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ.എം.ജി ബിജുവിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് ഈ വിഷയത്തിൽ സംഭവിച്ചിട്ടുള്ളതെന്നും ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ